## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.82

01.03.2017 ന് മറുപടിയ്ക്ക്

## വന്യജീവികളുടെ ആക്രമണം തടയാൻ നടപടി

**ചോദ്യം**

ശ്രീ.യു.ആർ.പ്രദീപ്
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.സി.കെ.ഹരീന്ദ്രൻ
ശ്രീ.ആന്റണി ജോൺ

(എ) സംസ്ഥാനം കൊടും വരൾച്ച നേരിടുന്ന സാഹചര്യത്തിൽ വെള്ളവും ആഹാരവും തേടി ജനവാസ കേന്ദ്രങ്ങളിലെത്തുന്ന വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി വനമേഖലകളിലെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) ജലവും ആഹാരവും തേടി ജനവാസകേന്ദ്രങ്ങളിലെത്തുന്ന വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനായി, വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സഹായത്തോടെ വനത്തിനുള്ളിലേക്ക് തിരികെ അയക്കുന്നതിനുള്ള നടപടികളും, എലിഫന്റ് സ്ക്വാഡുകൾ മുഖേന കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് തുരത്തുന്നതിന് വേണ്ട നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനും ജനങ്ങളെ സഹായിക്കുന്നതിനും ജനപ്രതിനിധികളും തദ്ദേശീയരും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 07.02.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും, വനം വകുപ്പ് ഉദ്യോഗസ്ഥരും

ചേർന്നുള്ള ജനകീയ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് നടപ്പിലാക്കി ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി)വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന കൃഷിനാശത്തിനും മറ്റും നിലവിൽ നൽകി വരുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

(സി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം കാർഷിക വിളകൾക്കും വസ്തുവകകൾക്കും നൽകി വരുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ചുകൊണ്ട് 2013 മാർച്ച് മാസത്തിലും, ജീവഹാനി സംഭവിക്കുന്ന സാഹചര്യങ്ങളിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് 2014 നവംബർ മാസത്തിലും സർക്കാർ ഉത്തരവായിട്ടുണ്ട്. നഷ്ടപരിഹാരത്തുക ഇനിയും വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ